**ഇരിട്ടി നഗരസഭ**

**മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെൻ്റ് യൂണിറ്റ് (MTU)**

**നിയമാവലി**

(നഗരസഭ കൗൺസിലിൻ്റെ 23.02.2026 തീയ്യതിയിലെ 2 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത്)

1. സെപ്റ്റേജ് മാലിന്യം, ഹോട്ടലുകളിലേയും ഭക്ഷണ ശാലകളിലെയും വീടുകളിലേയും അടുക്കള മലിനജലം, വർക്ക് ഷോപ്പ് - സർവ്വീസ് സ്റ്റേഷനുകളിലെ വാഹനങ്ങൾ കഴുകുന്ന ജലം, വ്യവസായിക - മെഡിക്കൽ ദ്രവ മാലിന്യങ്ങളും, ഖര മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും, പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം നടത്തുന്നതിനും, ഖര ദ്രവ മാലിന്യങ്ങൾ പരമാവധി പുനഃ ചംക്രമണവും, പുനരുപയോഗവും നടത്തുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളും, തദ്ദേശ സ്വയംഭരണ - നഗര വികസനകാര്യ വകുപ്പുകളും വിവിധ നിയമാവലികളും നിർദ്ദേശങ്ങളും പുറത്തിറക്കിയിട്ടുണ്ട്. ഈ മേഖലയിൽ ഇടപെടുമ്പോൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും പ്രവർത്തിക്കുക. ഇതിന്റെ ആദ്യ പടി എന്ന നിലയിലാണ് സെപ്റ്റിക് ടാങ്കളിലെ മലിനജലം സംസ്കരിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ ഇരിട്ടി നഗരസഭയിൽ MTU സംവിധാനം ഒരുക്കിയിട്ടുള്ളത്.

2. സെപ്റ്റിക് ടാങ്കുകൾ ശാസ്ത്രീയമായി നിർമ്മിക്കുന്നതിന് കൃത്യമായ സ്പെസിഫിക്കേഷനും ഡിസൈനും ഉപയോഗിക്കുന്ന ആളുകളുടെ എണ്ണത്തിനനുസൃതയമായി സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ടാങ്കുകളും മാനദ്ധണ്ഡങ്ങൾക്കനുസരിച്ചല്ല നിർമ്മിച്ചിട്ടുള്ളത്. പുതിയ ടാങ്കുകൾ പണിയുമ്പോഴും പഴയ ടാങ്കുകൾ പുതുക്കി പണിയുമ്പോഴും സർക്കാർ മാനദ്ധണ്ഡങ്ങൾ ശ്രദ്ധിക്കണമെന്ന് നിർദ്ദേശം നൽകുന്നു. ഏത് തരം ടാങ്കാണെങ്കിലും 3 വർഷത്തിനൊരിക്കൽ ശാസ്ത്രീയമായ ഡിസ്ലഡ്ജിംഗ് നടത്തണമെന്ന സർക്കാർ നിർദ്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

3. കിണറുകളും കക്കൂസ് ടാങ്കുകളും തമ്മിൽ 15 മീറ്ററെങ്കിലും അകലം വേണമെന്ന് നിയമം നിഷ്കർഷിക്കുന്നു. ഇത് അയൽവക്കത്തെ കിണറുകളും കക്കൂസ് ടാങ്കുകളും തമ്മിലും ബാധകമാണ്. പക്ഷേ കേരളത്തിലെ തിങ്ങിനിറയുന്ന വീടുകളും, കൂടുതൽ കിണർ കക്കൂസ് ടാങ്കുകളുടേയും നിർമ്മാണം ഈകോളി ബാക്ടീരിയയുടെ വ്യാപനവും പകർച്ച വ്യാധികൾ പെട്ടെന്ന് പടർന്ന് പിടിക്കുന്നതും വർത്തമാനകാലത്ത് ഏറെ പ്രകടമാണ് - സെപ്റ്റിക് ടാങ്കുകളുടെ കൃത്യമായ ഇടവേളകളിലെ ശാസ്ത്രീയമായ ഡിസ്ലഡ്ജിംഗ് ഇതിന് ഒരു പരിധിവരെ തടയാമെന്ന് മനസിലാക്കി. എല്ലാ സെപ്റ്റിക് ടാങ്കുകളുടെയും MTU ഉപയോഗിച്ചുള്ള ഡിസ്ലഡ്ജിംഗ് നടത്തണമെന്ന് പൊതുജനങ്ങളോട് അഭ്യർത്ഥിക്കുന്നു. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ ഇരിട്ടിയിലെ MTU ആവിശ്യാനുസരണം ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

4. നിലവിൽ സെപ്റ്റിക് ടാങ്കുകളിലേക്ക് പ്ലാസ്റ്റിക് വസ്തുക്കൾ, പാഡുകൾ, ഡയപ്പറുകൾ, നാപ്കിൻ, രാസവസ്തുക്കൾ, സോപ്പ്, ഡിറ്റർജൻസ് മുതലായ വസ്തുക്കൾ ഒഴുകി വിടുന്നതിനാൽ നല്ല ബാക്ടീരിയകൾ നശിക്കുകയും മനുഷ്യ വിസർജ്ജനത്തിൻറെ സ്വാഭാവിക നിർമ്മാർജ്ജനം സാധ്യമല്ലാതാവുകയും ചെയ്യിട്ടുണ്ട്. ഇത്തരം പ്രവണതകൾ ഒഴിവാക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ട്. ശാസ്ത്രീയമായ ഡിസ്ലഡ്ജിംഗിനു ഇത് മൂലം ബുദ്ധിമുട്ടുണ്ടാവാം, സെപ്റ്റിക് ടാങ്കുകൾ വളരെ വേഗത്തിലും എളുപ്പത്തിലും

ഡീസ്ലഡ്ജ് ചെയ്യുന്നതിനാണ്. MTU ഉപയോഗിച്ച് ക്രമീകരണം ചെയ്യുന്നത്, പൊതുജനങ്ങൾ മേൽ വസ്തുതകൾ കണക്കിലെടുത്ത് പ്രവർത്തിക്കേണ്ടതാണ്.

5. ദ്രവ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ട വിവിധ മാർഗ്ഗങ്ങളുണ്ട്. സെപ്റ്റേജ് - സ്വീവേജ്, ഹോട്ടലുകളിലെയും ഭക്ഷണശാലകളിലേയും വീടുകളിലേയും അടുക്കള മലിനജലം, വർക്ക്ഷോപ്പ് - സർവ്വീസ് സ്റ്റേഷനുകളിലെ വാഹനങ്ങൾ കഴുകുന്ന ജലം, വ്യവസായിക - മെഡിക്കൽ ദ്രവ മാലിന്യം എന്നിങ്ങനെ വിവധതരം ദ്രവ മാലിന്യ സംസ്കരണത്തിന് വ്യത്യസ്ത രീതികളാണ് അവലംബിക്കേണ്ടത്.

6. ജല സംരക്ഷണ - മാലിന്യ നിർമ്മാർജ്ജന മേഖലയിൽ മഴവെള്ള സംഭരണം, ഭൂഗർഭ ജല റീച്ചാർജ്ജിംഗ്, അടുക്കള ജല സംസ്കരണം, സെപ്റ്റിക് ടാങ്ക് - സോക്പിറ്റ് നിർമ്മാണം, സ്വീവേജ് - സെപ്റ്റേജ് സംസ്കരണം, വീടുകളിലെ ഖരമാലിന്യ സംസ്കരണം, ഹരിത കർമ്മ സേന സേവനങ്ങൾ എന്നിങ്ങനെ വിവിധ ശാസ്ത്രീയ മാർഗ്ഗങ്ങളും, അതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യ വിഭാഗത്തിൽ ലഭ്യമാണ്. പൊതു ജനങ്ങളും സ്ഥാപനങ്ങളും ഇത് ഉപയോഗപ്പെടുത്തേണ്ടതാണ്.

7. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ അനുമതി ലഭിച്ചിട്ടുള്ള, വിവിധ ദേശീയ അന്തർ ദേശീയ ഏജൻസികൾ വിലയിരുത്തിയിട്ടുള്ള ഒരു ട്രക്കിൽ ഘടിപ്പിച്ചിട്ടുള്ള മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറാണ് MTU, 6000 ലിറ്റർ സെപ്റ്റേജ് മാലിന്യമാണ് MTU ഒരു മണിക്കൂറിൽ പ്രോസസ് ചെയ്യുന്നത്. പൊതു ജനങ്ങളുടെയും സ്ഥാപനങ്ങളുടെയും നഗരസഭയുടെയും ഉപയോഗത്തിനായാണ് സൌകര്യം ലഭ്യമാക്കിയിരിക്കുന്നത്. ആവിശ്യാനുസരണം ഈ സംവിധാനം ആർക്കും നിശ്ചയിച്ചിട്ടുള്ള ഫീസടച്ച് ഉപയോഗപ്പെടുത്താവുന്നതാണ്.

8. ഒരു ടാങ്ക് ഡിസ്ലഡ്ജ് ചെയ്യുന്നതിന് Enquiry നഗരസഭാ ഹെൽപ് ഡെസ്കിലോ, MTU CONTROL ROOM (NO) ലോ അറിയിക്കാം. എല്ലാ Enquiry യും പരിശോധിച്ച ശേഷം മുൻഗണന അനുസരിച്ച് ടാങ്ക് പരിശോധിക്കുന്നതിനായി MTU സ്റ്റാഫിനെ കൺട്രോൾ റൂം നിയോഗിക്കുന്നതാണ്.

9. കൺട്രോൾ റൂമിൽ നിന്ന് നിർദ്ദേശിക്കുന്ന ടാങ്കുകൾ Pre - Assessment നടത്തുന്നതിന് നിർദ്ദിഷ്ട ഫോം MTU സ്റ്റാഫ് ഉപയോഗിക്കുന്നതാണ്, പൂരിപ്പിച്ച ഫോം പരിശോധിച്ച ശേഷം കൺട്രോൾ റൂമിൽ നിന്നും അനുമതി ലഭിച്ച് ഫീസ് നഗരസഭയിൽ അടവാക്കുന്ന മുറയ്ക്ക് മാത്രമേ MTU വാഹനം ടാങ്കിനടുത്തേക്ക് കൊണ്ടുപോവുകയുള്ളൂ.

10. വാഹനം ടാങ്കിന് 100 മീറ്റർ അകലത്തിലെങ്കിലും സുരക്ഷിതമായി പാർക്ക് ചെയ്യുന്നതിന് സൌകര്യം ലഭിക്കണം.

11. MTU ഒരു മെക്കാനിക്കൽ ഫിൽട്രേഷൻ യൂണിറ്റായാണ് പ്രവർത്തിക്കുന്നത്, ശാസ്ത്രീയമായി ചെയ്തിട്ടുള്ള സെപ്റ്റിക് ടാങ്കിന് മിനിമം 2 വർഷത്തിനുള്ളിൽ തുറന്ന് ഡിസ്ലഡ്ജ് ചെയ്യാത്ത ടാങ്കുളാണ്.

12. MTU പ്രവർത്തിപ്പിക്കുന്നതിന് ആവിശ്യമായ ഇലക്ട്രിസിറ്റി ഉപഭോക്താവ് നൽകേണ്ടതാണ്.

13. MTU ഉപയോഗിച്ച് ഡിസ്ലഡ്ജ് ചെയ്യാൻ കഴിയുക 60 % ന് മുകളിൽ വെള്ളമുള്ള ടാങ്കുകളേ MTU പരിഗണിക്കുകയുള്ളൂ.

14. പ്രോസസ് ചെയ്ത് ശുദ്ധീകരിച്ച ജലം സുരക്ഷിതമായി ഒഴുക്കി കളയുന്നതിന് അധവാ കൃഷിയ്ക്ക് ഉപയോഗിക്കുന്നതിന് ഉടമസ്ഥർ സൗകര്യം നൽകേണ്ടതാണ്.

15. താഴെ പറയുന്ന സാഹചര്യങ്ങളിൽ ടാങ്കുകൾ MTU ഉപയോഗിച്ച് സ്ലഡ്ജ് ചെയ്യാൻ കഴിയില്ല.

   a) അടി സീൽ ചെയ്യാത്തവ.
   b) മണ്ണ് ചേർന്ന് വെള്ളം കുറവോ/ ഇല്ലാത്തതോ ആയവ.
   c) സ്ലഡ്ജ് മാത്രം നിറഞ്ഞ് നൽകുന്നത്.
   d) റിംഗ് ടാങ്കുകൾ.
   e) ഇരട്ടിക്കുഴി ടാങ്കുകൾ
   f) കല്ല് കെട്ടിയ ടാങ്കുകൾ
   g) പ്ലാസ്റ്റിക്/പാഡുകൾ നിറഞ്ഞ് നിൽക്കുന്ന ടാങ്കുകൾ.

16. സ്ലഡ്ജ് മാത്രമോ / സ്ലഡ്ജും മണ്ണും ചേർന്ന് മാത്രമോ വരികയാണെങ്കിൽ MTU ഉപയോഗിക്കാൻ കഴിയില്ല. എന്നാൽ ഒരു സ്ലെഡ്ജ് ഡ്രൈയിംഗ് യൂണിറ്റ് (മറ്റൊരു വാഹനം) ഉപയോഗിച്ച് കട്ടിയുള്ള സ്ലഡ്ജ് (പമ്പ് ഉപയോഗിച്ച് വലിക്കാൻ സാധിക്കുന്നത്) ട്രീറ്റ് ചെയ്യാം, ഈ സൗകര്യം ഇപ്പോൾ നിലവിലില്ല.

17. സെപ്റ്റിക് ടാങ്ക് സ്ലഡ്ജ് ചെയ്ത ശേഷം ബാക്കിവരുന്ന സ്ലഡ്ജ് അഥവാ പ്രോസസിംഗിൽ ബാക്കി വരുന്ന സ്ലഡ്ജ് ജൈവ വളമായോ/ ബ്രിക്കറ്റുകളായോ മാറ്റുന്നതുമാണ്.

18. പ്രോസസിംഗ് നടക്കുന്ന സമയത്ത് MTU വിൻറെ ഫിൽട്ടറുകളിൽ തടസ്സം നേരിട്ടാൽ ബാക്ക് വാഷ് ചെയ്യേണ്ടിവരും, ഇങ്ങനെയൊരു ആവിശ്യം വന്നാൽ നല്ല ജലം (കിണർ / പൈപ്പ്) 1500 ലിറ്റർ വരെ ഉപയോഗിക്കുന്നതിന് ഉടമസ്ഥർ സൗകര്യം നല്കേണ്ടതാണ്.

19. MTU ഒരു മലിനജല ഫിൽട്രേഷൻ യൂണിറ്റാണ്, ദ്രവ രൂപത്തിലുള്ള മാലിന്യം മാത്രമേ MTU വിന് പ്രോസസ് ചെയ്യാൻ കഴിയൂ, എന്നാൽ ഇതിനർത്ഥം ഖര രൂപത്തിലുള്ള മാലിന്യം കൈകാര്യം ചെയ്യാൻ കഴിയില്ല എന്നല്ല, അതിനുള്ള സാങ്കേതികവിദ്യയും, പ്രോസസിംഗും വ്യത്യാസമാണ്.

20. MTU ഉപയോഗത്തിന് ഇരിട്ടി മുനിലിപ്പാലിറ്റി കമ്മിറ്റി അംഗീകരിച്ച ടാങ്ക് ഡീസ്ലഡ്ജിംഗിന് ചാർജജുകൾ താഴെപറയും വിധമായിരിക്കും.

| വിവരണം | വീട് | സ്ഥാപനങ്ങൾ | റിസോർട്ട് |
|---|---|---|---|
| മുനിസിപ്പാലിറ്റി | 4000/- രൂപ | 6000/- രൂപ | 7000/- രൂപ |

| | | | |
|---|---|---|---|
| പരിധിയിൽ 5000 ലിറ്റർ വരെ | | | |
| മുനിസിപ്പാലിറ്റി പരിധിയിൽ 5000 ലിറ്ററിൽ അധികം | അധികം വരുന്ന ഓരോ 1000 ലിറ്ററിനും 500/- രൂപ | അധികം വരുന്ന ഓരോ 1000 ലിറ്ററിനും 500/- രൂപ | അധികം വരുന്ന ഓരോ 1000 ലിറ്ററിനും 500/- രൂപ |
| മുനിസിപ്പാലിറ്റി പരിധിയിൽ നിന്ന് 10 കിലോ മീറ്റർ വരെ 5000 ലിറ്ററിന് | 5000/- രൂപ | 7000/- രൂപ | 8000/- രൂപ |
| മുനിസിപ്പാലിറ്റി പരിധിയിൽ നിന്ന് 10 കിലോ മീറ്ററിലധികം 5000 ലിറ്ററിന് | 5000/- രൂപ + അധികം വരുന്ന ഓരോ കിലോ മീറ്ററിനും അപ് ആൻറ് ഡൌൺ 50/- രൂപ | 7000/- രൂപ + അധികം വരുന്ന ഓരോ കിലോ മീറ്ററിനും അപ് ആൻറ് ഡൌൺ 50/- രൂപ | 8000/- രൂപ + അധികം വരുന്ന ഓരോ കിലോ മീറ്ററിനും അപ് ആൻറ് ഡൌൺ 50/- രൂപ |
| മുനിസിപ്പാലിറ്റി പരിധിയിൽ നിന്ന് 10 കിലോ മീറ്ററിലധികം 5000 ലിറ്ററിന് മുകളിലും | 5000/- രൂപ + അധികം വരുന്ന ഓരോ 1000 ലിറ്ററിനും 500/- രൂപ + അധികം വരുന്ന ഓരോ കിലോ മീറ്ററിനും അപ് ആൻറ് ഡൌൺ 50/- രൂപ | 7000/- രൂപ + അധികം വരുന്ന ഓരോ 1000 ലിറ്ററിനും 500/- രൂപ + അധികം വരുന്ന ഓരോ കിലോ മീറ്ററിനും അപ് ആൻറ് ഡൌൺ 50/- രൂപ | 8000/- രൂപ + അധികം വരുന്ന ഓരോ 1000 ലിറ്ററിനും 500/- രൂപ + അധികം വരുന്ന ഓരോ കിലോ മീറ്ററിനും അപ് ആൻറ് ഡൌൺ 50/- രൂപ |

21. അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടവർക്ക് സൌജന്യ സേവനം നൽകുന്നതാണ്.

22. അതിദരിദ്ര പട്ടികയിൽ ഉൾപ്പെടാത്ത അതിദരിദ്രർക്കും പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായി സൌജന്യ സേവനം നൽകുന്നതാണ്.

23. ഒരു ദിവസം പരമാവധി 5 സേവനങ്ങൾ മാത്രം ചെയ്യാവുന്നതാണ്.

24. ഡിസ്ലഡ്ജിംഗിന് ശേഷം ഓരോ ടാങ്കിൻറെയും റിപ്പോർട്ട് തയ്യാറാക്കി കൺട്രോൾ റൂമിൽ സൂക്ഷിക്കുന്നതും, സർക്കാരിലേയ്ക്ക് ആവിശ്യമെങ്കിൽ നൽകുന്നതുമാണ്. കസ്റ്റമറുടെ പക്കൽ നിന്നും ഒരു ഫീഡ്ബാക്ക് ഫോം പൂരിപ്പിച്ച് വാങ്ങി കൺട്രോൾ റൂമിൽ സൂക്ഷിക്കുന്നതാണ്.

25. എല്ലാ വീടുകളും സ്ഥാപനങ്ങളും കേന്ദ്ര / സംസ്ഥാന സർക്കാരുകൾ നിഷ്കർഷിച്ചിട്ടുള്ള നിയമങ്ങൾക്കനുസൃതമായി സെപ്റ്റിക് ടാങ്ക് ഡിസ്ലഡ്ജിംഗ് നടത്തേണ്ടതാണ്. ഓരോ മൂന്ന് വർഷത്തിലൊരിക്കലെങ്കിലും സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്നതാണ് അഭികാമ്യം.

26. സെപ്റ്റിക് ടാങ്ക് മണ്ണ് മൂടികിടക്കുകയോ, മുകളിൽ തറയോട്/ കല്ല് പതിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥർ പ്രസ്തുത തടസ്സം നീക്കി സ്ലാബ് പുറത്ത് കാണുന്ന രീതിയിലാണ് MTU സ്റ്റാഫിന് നല്കേണ്ടത്.

27. അടുക്കളയിൽ നിന്നുള്ള മലിനജലം, വ്യവസായിക പ്ലാൻറുകളിൽ നിന്നുള്ള മലിനജലം, മെഡിക്കൽ വേസ്റ്റ് വാട്ടർ, ഖര മാലിന്യങ്ങൾ എന്നിവ MTU കൈകാര്യം ചെയ്യുന്നതല്ല.

28. കേന്ദ്ര - സംസ്ഥാന സർക്കാർ അംഗീകാരത്തോടെയും, അനുമതിയോടെയുമാണ് MTU സംവിധാനം പുറത്തിറക്കിയത്, സെപ്റ്റിക് ടാങ്ക് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും, അത് വഴി പ്രകൃതി സംരക്ഷണത്തിന് ആക്കം കൂട്ടുന്നതിനും MTU നിർബന്ധമായും ഉപയോഗിക്കുക.

29. MTU വിൽ നിന്ന് പുറത്തേക്ക് വരുന്ന ശുദ്ധീകരിച്ച ജലം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൻറെ മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കും.

30. ഈ വാഹനം കൈകാര്യം ചെയ്യുന്ന ജീവനക്കാർ ഈ മേഖലയിൽ വിദഗ്ധ പരിശീലനം ലഭിച്ചവരാണ്. പരിശീലനം ലഭിക്കാത്തവർ ഈ വാഹനമോ MTU ഉപകരണങ്ങളോ കൈകാര്യം ചെയ്യരുത്.

31. ഡിസ്ലഡ്ജിംഗ് നടത്തുമ്പോൾ വാഹനത്തിനടുത്ത് നിന്ന് പുകവലിക്കുകയോ തീ കത്തിക്കുകയോ ചെയ്യരുത്.

32. മാലിന്യം നീക്കം ചെയ്യുന്ന സമയത്ത് സെപ്റ്റിക് ടാങ്കിനോ / വാഹനത്തിനോ സമീപം കുട്ടികളെ അനുവദിക്കരുത്.

33. MTU വിൽ പ്ലാസ്റ്റിക് വന്നാൽ പ്രോസസിംഗ് സാധ്യമല്ല, ആയതിനാൽ സെപ്റ്റിക് ടാങ്കിൽ പ്ലാസ്റ്റിക് ഉണ്ടെങ്കിൽ നീക്കം ചെയ്യേണ്ടതാണ്.

34. ജലത്തിൻറെ അളവ് കുറഞ്ഞ ഖര രൂപത്തിലോ / കഴുമ്പു രൂപത്തിലോ ഉള്ള മാലിന്യം കൈകാര്യം ചെയ്യില്ല.

35. ഒരു സെപ്റ്റിക് ടാങ്കിലെ മാലിന്യം നീക്കം ചെയ്യുമ്പോൾ അവസാനം 25 മില്ലി മീറ്റർ കനത്തിൽ സ്ലഡ്ജ് (കുഴമ്പു രൂപത്തിലുള്ള ഖര മാലിന്യം) ടാങ്കിൽ ബാക്കിയുണ്ടാവണമെന്ന് ശാസ്ത്രീയ പഠനങ്ങൾ പറയുന്നു. ഇത് ടാങ്കിലെ ബാക്ടീരിയ വളർച്ചയ്ക്ക് സഹായകമാവുകയും, ടാങ്ക് പെട്ടെന്ന് നിറയുന്നത് തടയുകയും ചെയ്യും. ആയതിനാൽ ഈ വാഹനം പ്രസ്തുത ശാസ്ത്രീയ മാനദണ്ഡങ്ങൾ പാലിക്കും.

36. ഒരു മണിക്കൂറാണ് 6000 ലീറ്റർ സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിന് MTU എടുക്കുന്ന സമയം, എന്നാൽ ടാങ്കിലെ മാലിന്യത്തിൻറെ വ്യത്യാസമനുസരിച്ചും, ബാക് ചെയ്യേണ്ട ആവശ്യം വന്നാൽ അതിന് വേണ്ട സമയമനുസരിച്ചും, ടാങ്കിലേയ്ക്ക് 4/5 മോട്ടോറും കണക്ട് ചെയ്യുന്ന കാലതാമസം അനുസരിച്ചും, സമയക്രമം മാറാം.

37. MTU വൈദ്യുതിയിൽ പ്രവർത്തിക്കുന്ന മെഷീനാണ്, വൈദ്യുതിയടക്കം എന്തെങ്കിലും സാങ്കേതിക തടസ്സം നേരിട്ട് ജോലി തടസ്സപ്പെട്ടാൽ, പ്രസ്തുത തടസ്സം നീങ്ങിയ ശേഷം അനുയോജ്യമായ സമയത്ത് ഡിസ്ലഡ്ജിംഗ് നടത്തി തരുന്നതാണ്.

38. വാഹനത്തിന് മെയിൻറെനൻസ് ആവിശ്യമായ സമയത്ത് MTU സേവനം ലഭ്യമായിരിക്കില്ല.

39. MTU വുമായി ബന്ധപ്പെട്ട പരാതികൾ ഇരിട്ടി മുനിസിപ്പാലിറ്റി ഹെൽപ് ഡെസ്കിലോ അതത് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയെയോ, ജില്ലാ ശുചിത്വമിഷനെയോ അറിയിക്കാവുന്നതാണ്.

40. കണ്ണൂർ ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ MTU നിലവിലില്ല, ആയതിനാൽ പരമാവധി ശാസ്ത്രീയമായ ഡിസ്ലഡ്ജിംഗിന് MTU ഉപയോഗിക്കേണ്ടതാണ്. പലസ്ഥലത്തും അനധികൃത വാഹനങ്ങൾ ഉപയോഗിച്ച് ജലമാലിന്യം എടുക്കുന്നതായും, ജലസ്രോതസ്സുകളിലും, പൊതുസ്ഥലങ്ങളിലും, സ്വകാര്യ ഭൂമിയിലും അനുമതിയില്ലാതെ പുറം തള്ളുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിയമവിരുദ്ധമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വിഷയത്തിൽ കർശന നിലപാടി സ്വീകരിക്കുകയും ശിക്ഷാനടപടികൾ എടുക്കുകയും വേണം.

41. നഗരസഭാ പരിധിക്ക് പുറത്തുള്ള പ്രദേശങ്ങളിൽ നിന്ന് ഡിസ്ലഡ്ജിംഗ് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സേവനം നൽകുന്നതാണ്.

42. MTU വുമായി ബന്ധപ്പെട്ട പണമിടപാടുകൾക്കു മാത്രമായി ബാങ്ക് അക്കൌണ്ട് എടുക്കേണ്ടതാണ്.

43. MTU വുമായി ബന്ധപ്പെട്ട ക്യാഷ് ബുക്ക് കൈകാര്യം ചെയ്യുന്നതിന് ഒരു ക്ലാർക്കിനെ ചുമതലപ്പെടുത്തേണ്ടതാണ്.

MUNICIPAL OFFICE IRITTY PUNNAD P.O. - 670703

സെക്രട്ടറി
ഇരിട്ടി നഗരസഭ

ചെയർപേഴ്സൺ
ഇരിട്ടി നഗരസഭ